LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽനിന്നും റബ്ബർ സംഭരണത്തിനായി തുക ലഭിച്ചിട്ടില്ല.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമായതിനാൽ, സംസ്ഥാന സർക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്രസർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ, സ്വാഭാവിക റബ്ബറിന് വില സ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള മറുപടിയിൽ, റബ്ബർ ഉൾപ്പെടെ എല്ലാ ഉല്പന്നങ്ങൾക്കും വില സ്ഥിരത ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ

192 (1562) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ എന്നിവ പ്രയോജനപ്പെടുത്തി ആധുനിക രീതിയിൽ കൃഷിചെയ്യുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) കുടുംബശ്രീ/സ്വാശ്രയസംഘങ്ങൾക്ക് പ്രസ്തുത ഇനത്തിൽ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ ;

(സി) പ്രസിഷൻ ഫാമിംഗിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഉറസായ സ്ഥലത്ത് കൃത്യതാ കൃഷി നടപ്പിലാക്കുന്നില്ല. പോളീ ഹാസുകളിൽ കൃഷി ചെയ്തുവന്നിരുന്ന കൃഷിക്കാർക്ക് കഴിഞ്ഞ

സാമ്പത്തിക വർഷത്തിൽ നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	കർഷകന്റെ പേര്	നൽകിയ ധനസഹായം രൂപ
1	സുലോചന, പി.	280500
2	വി. എൻ. മുഹമ്മദ്	70125
3	തോമസ് കട്ടക്കയം	280500
4	മുഷ്സാക്ക് ടി. പി.	280500
5	ജോസഫ് മണിമല	841500
6	ഷിംജിത്ത്	785400
7	വേലായുധൻ	140250
8	ഷാഹിദ	145860
9	സെക്രട്ടറി, ചക്കിട്ടപാറ കോ-ഓപ്പറേറ്റീവ് സഹകരണ ബാങ്ക്	318000
	ആകെ	3142635

(ബി) സർവ്വീസ് സഹകരണ ബാങ്കുകൾ (കരുവഞ്ഞരുത്തി, ചക്കിട്ടപാറ, ഏറാമല, പേരാമ്പ്ര വനിതാ സഹകരണ ബാങ്ക്, വേങ്ങേരി Agrico (സഹകരണ കാർഷികോല്പാദന വിപണന-സംസ്കരണ സംഘം) NADCO (പൊറ്റമ്മൽ) എന്നിവയ്ക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം.) അംഗീകരിച്ച പ്രത്യേക പദ്ധതിപ്രകാരം പോളീ ഹൗസുകൾ (വിവിധ വിസ്തൃതിയിൽ) അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം പൂർത്തിയാക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്.

(സി) കോഴിക്കോട് ജില്ലയിൽ പ്രിസിഷൻ ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

- പോളീഹൗസ് നിർമ്മിക്കാൻ അനുയോജ്യമായ കൈവശ ഭൂമിയുടെ ലഭ്യത (നീർവാർച്ച സൗകര്യം, ഉറസായതും നിരപ്പായതുമായ ഭൂമി, ജലസേചന സൗകര്യം തുടങ്ങിയവ.)

- പോളീഹൗസ് നിർമ്മാണത്തിനും തുടർന്നുള്ള സാങ്കേതിക ശാസ്ത്രീയ കൃഷിക്കും വേണ്ട പരിശീലനങ്ങൾ നേടാനുള്ള സന്നദ്ധത, പുരോഗമന ആശയങ്ങൾ ഉൾക്കൊള്ളാനും പരീക്ഷണങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിച്ച് കൂടെയുള്ള കർഷകരെ ഏകോപിപ്പിച്ച് വിജ്ഞാന വ്യാപനം ചെയ്യാനുള്ള സന്നദ്ധത അനിവാര്യം.

- പോളീ ഹൗസ് വിസ്തൃതിക്കനുസരിച്ച് 50-75 ശതമാനം വരെ ധനസഹായം അനുവദിക്കുന്നത് പൂർണ്ണമായും പ്രവർത്തനക്ഷമമായ പോളീഹൗസുകൾക്കാണ്.

സ്വന്തം സാമ്പത്തിക സ്രോതസ്സും, വായ്പയും സ്വരൂപിച്ച് മൂല്യനിർണ്ണയ ഘട്ടം പൂർത്തിയാക്കാനുള്ള ധനശേഷിയും കർഷകന് ആവശ്യമാണ്.

കാർഷിക നയം

193 (1563) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് കാർഷികനയം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) കാർഷിക നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ;

(സി) കാർഷിക മേഖലയുടെ ഉണർവിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) നയം നടപ്പാക്കുന്നതിൽ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ-സി) 28-3-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി പ്രകാരം സംസ്ഥാനത്ത് കാർഷിക വികസന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly